**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 497** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പി. കെ. ബഷീർ

ശ്രീ. എൻ. ഷംസുദ്ദീൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സർക്കാർ ജീവനക്കാർക്ക് 2013 ഏപ്രിൽ മുതൽ നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിന് നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച്, പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതി ടി വിഷയം പരിശോധിച്ചുവരുന്നു

**(ബി)** നിശ്ചിത പെൻഷൻ തുക ഉറപ്പാക്കുന്ന അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** **പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു**

**(സി)** ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** **പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു**

**സെക്ഷൻ ഓഫീസർ**